# ത്രോബോൾ ചാമ്പ്യൻഷിപ്പ്

**പാലക്കാട്**

ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജൂലൈ രണ്ടിന് പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. 2009 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്ക് മത്സരത്തിൽ പങ്കെടുക്കാം.

താൽപ്പര്യമുള്ള ടീമുകൾ 30നുമുമ്പ് www.throwballkerala.com എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ജൂലൈ എട്ടു മുതൽ കോഴിക്കോട്ട് ആരംഭിക്കുന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാനുള്ള ജില്ലാ ടീമുകളെ മത്സരത്തിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ: 9447742821, 8848807270.



ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ ടീം.

# സബ് ജൂനിയർ ത്രോബോൾ: പല്ലശ്ശന സ്കൂളിന് ഇരട്ടക്കിരീടം

പല്ലശ്ശന ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിന് ഇരട്ടക്കിരീടം. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ സ്കൂൾ ജേതാക്കളായി. ത്രോബോൾ സ്റ്റാഴ്സ്, സ്പോർട്സ് & ഗെയിംസ് അക്കാദമി എന്നിവർ ആൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്, സ്ട്രൈക്കേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് എന്നീ ടീമുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. പഞ്ചായത്ത് അധ്യക്ഷ എൽ.സായ്‌രാധ സമ്മാന വിതരണം നടത്തി.

സ്ഥിരം സമിതി അധ്യക്ഷൻ കെ.അനന്തകൃഷ്ണൻ അധ്യക്ഷനായി. പ്രിൻസിപ്പൽ കെ.ഇന്ദിര, പ്രധാന അധ്യാപിക ബി.സ്മിത, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ ഡോ.പി.സി.ഏലിയാമ, സംസ്ഥാന ത്രോബോൾ അസോസിയേഷൻ ഒബ്സർവർ എസ്.ശ്രീക്കുട്ടൻ, സി.റിൻസി, കെ.പ്രദീപ് എന്നിവർ പ്രസംഗിച്ചു.

## ജില്ലാ സബ് ജൂനിയർ ത്രോബോൾ

# പല്ലശന വിഐഎംഎച്ച്എസ്എസിന് ഇരട്ടക്കിരീടം

പാലക്കാട്

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിന് ഇരട്ടക്കിരീടം. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ സ്കൂൾ ഒന്നാമതെത്തി. ത്രോബോൾ സ്റ്റാർസ്, സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി എന്നിവർ ആൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്, സ്ട്രൈക്കേഴ്സ് ആർട്സ് സ്പോർട്സ് ക്ലബ് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സമാപനച്ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എൽ സായ്രാധ സമ്മാനങ്ങൾ നൽകി. പഞ്ചായത്ത് സ്ഥിരംസമിതി ചെയർമാൻ കെ അനന്തകൃഷ്ണൻ അധ്യക്ഷനായി. പ്രിൻസിപ്പൽ കെ ഇന്ദിര, പ്രധാനാധ്യാപിക ബി സ്മിത, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ ഡോ. പി സി ഏലിയാമ്മ, സംസ്ഥാന ത്രോബോൾ അസോസിയേഷൻ ഒബ്സർവർ എസ് ശ്രീക്കുട്ടൻ, സി റിൻസി, ദേശീയ ത്രോബോൾ ഫെഡറേഷൻ അംഗം കെ പ്രദീപ് എന്നിവർ സംസാരിച്ചു.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായ പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ ടീം



പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായ പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ ടീം

# ജില്ലാ സബ് ജൂനിയർ ത്രോ ബോൾ

# പല്ലശ്ശന വി.ഐ.എം. സ്കൂൾ ജേതാക്കൾ



ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന വി.ഐ.എം. സ്കൂൾ ടീം



ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന വി.ഐ.എം. സ്കൂൾ ടീം

**കൊല്ലങ്കോട്**▸ പല്ലശ്ശനയിൽ സമാപിച്ച ജില്ലാ സബ് ജൂനിയർ ത്രോ ബോാൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളും ജേതാക്കളായി.

ആൺകുട്ടികളുടെ വിഭാഗത്തിൽ ത്രോ ബോാൾ സ്റ്റാർസ്, സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ് രണ്ടാംസ്ഥാനവും സ്ട്രൈക്കേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് മൂന്നാം സ്ഥാനവും നേടി.

പല്ലശ്ശന ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് എൽ. സായിരാധ സമ്മാനദാനം നിർവഹിച്ചു. കെ. അനന്തകൃഷ്ണൻ അധ്യക്ഷനായി.

പ്രിൻസിപ്പൽ കെ. ഇന്ദിര, പ്രധാനാധ്യാപിക ബി. സ്മിത, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധി ഡോ. പി.സി. ഏലിയാമ്മ, സംസ്ഥാന ത്രോ ബോാൾ അസോസിയേഷൻ പ്രതിനിധി എസ്. ശ്രീക്കുട്ടൻ, സി. റിൻസി, കെ. പ്രദീപ് എന്നിവർ സംസാരിച്ചു.